# (പ്രവാസി ജീവിതത്തിന്റെ ബലിപീഠങ്ങൾ)

ഡോ. ജോർജ്ജ് മരങ്ങോലിയുടെ ഏറ്റവുംപുതിയ നോവൽ "ദഹനബലി"യിലൂടെ ഒരന്വേഷണം

— വൈക്കം മുരളി

നോവൽ എന്ന സാഹിത്യരൂപത്തിനെ ഭാവനാശാലിയായ ഓരെഴുത്തുകാരന്റെ നിരവധി ജാലകങ്ങളുള്ള ഒരു ഭവനമായിട്ടാണ് ഗൗരവപൂർവ്വം അതിനെ സമീപിക്കുന്ന നിരൂപകരും വായനക്കാരും കാണുന്നത്. പക്ഷെ അതിലേക്കുള്ള വാതിലുകളുടെ എണ്ണത്തിൽ പരിമിതികളുണ്ട്. ആഖ്യാനത്തിന്റെ നൂതനതകളിലൂടെ നോവലിസ്റ്റിനെ കൂടുതൽ പ്രിയപ്പെട്ടതാക്കുന്നതിന്റെ പിന്നിൽ അനുഭവങ്ങളുടെതായ ഒരു വലിയ ലോകത്തിന്റെ പന്തുണയുണ്ടായിരിക്കുകയും ചെയ്യും. ജീവിതത്തെ കലാമൂല്ല്യത്തോടെ തന്റെ രചനയിലേക്കാവാഹിച്ചെടുക്കുന്നവനാണ് യഥാർത്ഥ സാഹിത്യകാരൻ. ഒരു യഥാർത്ഥ സാഹിത്യകാരൻ ജീവിതത്തിന്റെ മുമ്പിൽ തുറന്നമനസ്സോടെ നിൽക്കുന്ന ഒരു കലാകാരനായ ഭൃത്യനായിരിക്കും.

ജീവിതത്തിന്റെ ഒരു നല്ലഭാഗം പ്രവാസിയായി സ്വന്തം ഭൂമിക വിട്ട് വിദേശത്ത് കഴിയേണ്ടിവന്ന ഡോ. ജോർജ്ജ് മരങ്ങോലിയുടെ "ദഹനബലി"യെന്ന ഏറ്റവും പുതിയ നോവൽ വായിക്കുന്ന ആരെയും നോവലിനെക്കുറിച്ചുള്ള ആകാംക്ഷകൾ അലട്ടാതിരിക്കില്ല എന്നു തീർച്ചയാണ്. പ്രവാസിത്വത്തിന്റെ സ്വത്വത്തിനുള്ളിൽ കഴിയേണ്ടിവരുമ്പോഴും സ്വന്തം നാടിന്റെ ഓർമ്മക്കുള്ളിൽ നോവലിസ്റ്റ് മറ്റൊരു മനുഷ്യനാണ്. പണവും പുതിയ ജീവിത സാഹചര്യങ്ങളും അവനെ ഇതിൽ നിന്നൊക്കെ വിടർത്തിയെടുക്കുന്ന നിരവധി സാഹചര്യങ്ങൾ അടുത്തറിയുവാൻ കഴിയുമ്പോഴും ഉള്ളിന്റെയുള്ളിൽ അവനനുഭവിക്കുന്ന വേദനകൾ തന്റെ പുതിയ തലമുറക്കുവേണ്ടി അവൻ വച്ചുപുലർത്തുന്ന പ്രത്യാശകൾ അങ്ങിനെ പലതും ഇടക്കെങ്കിലും പുറത്തെടുത്ത ഓർമ്മകളിലൂടെ താലോലിക്കുവാൻ ആഗ്രഹിക്കുകയെന്നത് ആർക്കും നിഷേധിക്കുവാൻ കഴിയാത്ത ഒരു സത്യമാണ്.

"ദഹനബലി"യെന്ന നോവലിലെ കഥാപാത്രങ്ങളായ വില്യംസിനും, ബിയാട്രിസിനും സംഭവിച്ചത് ഇത് തന്നെയാണ്. മക്കളായ റോബർട്ടിനും, റെയ്ച്ചലിനും സ്വന്തം മണ്ണിന്റെയും ഭാഷയുടെയും സാന്ത്വനസ്പർശം അനുഭവിച്ചു ജീവിക്കുവാൻ കഴിയണമെന്നവർ ആഗ്രഹിച്ചു. അമേരിക്കയിൽ അവർ കടുത്ത ജീവിതാനുഭവങ്ങളിൽനിന്നും നേടിയെടുത്തതെല്ലാം മക്കളുടെ പുതിയ ഒരു ഭാവിക്കുവേണ്ടി കരുതിവക്കുവാൻ തയ്യാറായി സ്വന്തംമണ്ണിലേക്കു തിരിച്ചുവന്നതിനുശേഷമുണ്ടായ ദുരന്തപൂർണ്ണമായ ജീവിതം കുറച്ചൊക്കെ നാടകീയമായ രീതിയിലാണെങ്കിലും വളരെ ശക്തമായി നോവലിസ്റ്റിന് അവതരിപ്പിക്കുവാൻ കഴിഞ്ഞു. മക്കളെ നന്നായി വളർത്തുവാനുള്ള പ്രത്യാശകളും പ്രതീക്ഷകളുമായിരുന്നു ഈ ജീവിത പ്രയാണത്തിന് അവരെ പ്രേരിപ്പിച്ച പ്രധാനഘടകങ്ങൾ.

ആമുഖത്തിൽ മാത്യു പ്രാൽ സൂചിപ്പിക്കുന്നതുപോലെ ഒരു ബലിയർപ്പണത്തിൽ ഇല്ലാതാകുന്ന ജന്മങ്ങളുടെ നിയോഗങ്ങൾ നോവലിന്റെ പ്രമേയത്തിൽ നിറഞ്ഞുനില്ക്കുന്നതും നോവലിസ്റ്റായ ജോർജ്ജ് മരങ്ങോലിയുടെ അനുഭവങ്ങളുടെ നിഗൂഢതകൾ പങ്കുവക്കുന്ന മറ്റൊരു നിയോഗമായി ഇവിടെ രൂപാന്തപ്പെടുകയാണ്.

സ്വാർത്ഥതക്കുവേണ്ടി മനുഷ്യബന്ധങ്ങൾക്കു തീരെ വിലകൊടുക്കാത്ത റോയി, റോബർട്ട് എന്നീകഥാപാത്രങ്ങൾക്കുനടുവിൽ കനത്ത വെല്ലുവിളികളെ നേരിടേണ്ടിവരുന്ന റെയ്ച്ചലി ന്റെ ജീവിതം അത്രപെട്ടന്നൊന്നും വായനക്കാരനു മറക്കുവാനും കഴിയില്ല. ജീവിതമൂല്യങ്ങൾക്കുവേണ്ടി ഒറ്റക്കുനിന്നു പോരാടേണ്ടിവരുന്ന റെയ്ച്ചലിന് തനിക്കുചുറ്റും തകർന്നു വീഴുന്ന മനുഷ്യബന്ധങ്ങളുടെ ചുമരുകൾ ആദ്യം പരിക്ഷീണയാക്കുന്നുവെങ്കിലും അവൾ തളരാതെ പിടിച്ചു നില്ക്കുവാനാണ് ശ്രമിക്കുന്നത്. മരണശയ്യയിൽ കിടക്കുന്ന ബിയാട്രീസിന്റെ ചിന്തകൾ ഏകമകനായ റോബർട്ടിനെ തേടിയാണെന്നുള്ള തിരിച്ചറിവ് അവൾ ഒറ്റക്കനുഭവിക്കുന്ന ഒരു നിയോഗമാണ്.

അമേരിക്കയിൽ തിരിച്ചുപോയി ഡോക്ടറായി ഒരിക്കൽകൂടി മടങ്ങിവരുമ്പോഴും റെയ്ച്ചലിന്റെ മനസ്സിൽ പുതിയ ഒരു ജീവിതം കെട്ടിപ്പടുക്കണമെന്നചിന്ത മാത്രമെ ഉണ്ടായിരുന്നുള്ളു. വില്യംസിനും, ബിയാട്രീസിനും നേരിടേണ്ടിവന്ന യാതനകൾ അവളുടെ ഓർമ്മയിൽ നിറഞ്ഞുനിൽക്കുമ്പോഴും ഭർത്താവായ റോയിയോട് ഒരു പരിധിവരെ പലവിട്ടുവീഴ്ച്ചകൾക്കും അവൾ തയ്യാറായി. വിവാഹമോചനത്തിന്റെ കയ്പ്പുരസത്തിലേക്ക് വലിച്ചെറിയപ്പെട്ടുവെങ്കിലും ഒരു യഥാർത്ഥ സ്ത്രീത്വത്തിന്റെ ജീവിതമൂല്യങ്ങൾ കൈവെടിയുവാൻ അവൾ തയ്യാറാകുന്നുമില്ല. ത്യാഗത്തിലുടെ ജീവിതത്തിന്റെ അന്ധതയെ അകറ്റുവാനാകുമെന്നീ കഥാപാത്രം തെളിയിച്ചു കാണിക്കുന്നുമുണ്ട്.

നോവലിന്റെ തുടക്കത്തിൽ ചേതനയറ്റുകിടക്കുന്ന ബിയാട്രീസ് ടീച്ചറിന്റെ നിശ്ശബ്ദമൂകമായ ഒരു ലോകത്തിലൂടെയാണ് നോവലിസ്റ്റ് തന്റെ നോവലിന്റെ ജാലകങ്ങൾ ഓരോന്നായി തുറക്കുന്നത്. നോവൽ ആഖ്യാനത്തിന്റെ ഏറ്റവും നവീനമായ ഒരു തലം എന്നു വിശേഷിപ്പിക്കാവുന്ന ഇതിനു ദാർശനികമായ മറ്റൊരുതലംകൂടിയുണ്ട്. കർമ്മബന്ധങ്ങൾക്ക് വിലകല്പ്പിക്കാത്ത ഒരു കൂട്ടം മനുഷ്യർക്കിടയിൽ സ്നേഹത്തിന്റെ

യും ത്യാഗത്തിന്റെയും സാന്ത്വന സ്പർശമേൽപ്പിക്കുവാൻ കഴിയുമ്പോൾ ഏറ്റവും ക്രൂരതയുടെ ഭാവങ്ങൾക്കുപോലും മാറ്റങ്ങൾ സംഭവിക്കുന്നു. ജീവിതാനുഭവങ്ങളുടെ ഏറ്റവും വേദനിപ്പിക്കുന്ന അന്തരീക്ഷത്തിൽ കഴിയുമ്പോഴും മനുഷ്യന് പ്രത്യാശക്കു വകനൽകിക്കൊണ്ട് പലരും ചുറ്റുപാടുമുണ്ടാകും. വില്യംസിന്റെയും, ബിയാട്രീസിന്റെയും, റെയച്ചലിന്റെയും ജീവിതപാഠങ്ങളിലൂടെ മരങ്ങോലി നമ്മെ ഓർമ്മിപ്പിക്കുവാൻ ശ്രമിക്കുന്നതും ഇതു തന്നെയാണ്. ജീവിതത്തെ ഒരു പ്രഹേളികയായി കാണാതെ അതിനോടെങ്ങനെ ഒത്തുചേർന്നു പോകുവാൻ കഴിയുമെന്നാണ് ചിന്തിക്കേണ്ടത്. ഡോ. റെയ്ച്ചലിന്റെ ജീവിതം പകർന്നു തരുന്നതും ഇതെ സ്പർശമാണ്.

പലപ്പോഴും സ്വാതന്ത്ര്യത്തിലൂടെ നേടിയെടുക്കുന്നതെല്ലാം നഷ്ടമായിക്കഴിയുമ്പോൾ തിരിച്ചറിവുണ്ടാകുന്ന മനുഷ്യന് ജീവിതത്തിലേക്ക് മടങ്ങിവരുവാനുള്ള സാധ്യതകൾ നന്മകളുടെ അനന്തതയിലൂടെ ദൈവം തുറന്നുകൊടുക്കുന്നുണ്ട്. ജീവിതത്തിന്റെ പരുക്കൻ യാഥാർത്ഥ്യങ്ങളിലൂടെ കടന്നുപോകേണ്ടിവരുമ്പോൾ റെയ്ച്ചലിനും വില്യംസിനുമൊക്കെ ഇത്രമാത്രം നിഷേധാത്മകമായ ഒരു ലോകം എന്തിനുവേണ്ടിയാണ് ഈശ്വരൻ തങ്ങൾക്കായി തന്നിരിക്കുന്നതെന്ന് അവർ ആശങ്കപ്പെട്ടുപോയനിമിഷങ്ങളുണ്ട്. പക്ഷെ ജീവിതം അങ്ങിനെയാണ്. മനുഷ്യന്റെ ജീവിതമെന്ന അനന്തൻകാട്ടിൽ അവനുവേണ്ടി ദൈവം നിയോഗങ്ങളായി പലതും കാത്ത്സൂക്ഷിച്ചുവച്ചിരിക്കുന്നു. റെയ്ച്ചലിന്റെ ജീവിതാനുഭവങ്ങൾ അവൾക്കു കൊടുക്കുന്ന പാഠങ്ങളും ഇതു തന്നെയാണ്.

ലളിതമായ ഭാഷയിലൂടെ മറ്റു ചമൽക്കാരങ്ങളൊന്നുമില്ലാതെ കഥപറയുന്ന നോവലിസ്റ്റ് സമകാലിക ലോകം നേരിടുന്ന പ്രശ്നങ്ങളിലേക്കും കടന്നുചെല്ലുന്നുണ്ട്. ആഗോളമാന്ദ്യത്തിന്റെ കറുത്തനിഴൽ വീണ പ്രവാസിഭൂമികയുടെ വേദനകളെക്കുറിച്ചോർത്ത് അദ്ദേഹം ആകുലനാകുന്നുണ്ട്. ഒരു ആധുനിക നോവലിസ്റ്റിന് അയാൾ ജീവിക്കുന്ന ലോകത്തിന്റെ പ്രശ്നങ്ങൾക്കെതിരെ തിരിഞ്ഞുനിന്നുകൊണ്ടുള്ള ഒരുസമീപനം അയഥാർത്ഥമാണെന്ന് അദ്ദേഹം ഒരിക്കൽകൂടി വായനക്കാരെ ഓർമ്മിപ്പിക്കുന്നു.

സ്വന്തം മക്കളിൽനിന്നും കിട്ടിയ വേദനിപ്പിക്കുന്ന യാഥാർത്ഥ്യങ്ങൾക്കുമുന്നിൽ പിടിച്ചുനിൽക്കാനാവാതെ തകരുന്ന റോയിയേയും നോവലിസ്റ്റ് അന്ത്യത്തിൽ ചിത്രീകരിക്കുന്നുണ്ട്. ജീവിതത്തിന്റെ നല്ലനാളുകളിലേക്ക് തിരിഞ്ഞുനോക്കുവാൻ ശ്രമിക്കുമ്പോൾ താൻ ബലിയാടുകളാക്കിയ മനുഷ്യരുടെ പല്ലിളിച്ചു കാണിക്കുന്ന മുഖങ്ങളാണ് അയാളെ എതിരേൽക്കുന്നത്. ഒരു രാത്രി മുഴുവൻ മദ്യലഹരിയിൽ കഴിഞ്ഞതിനുശേഷം പിറ്റേന്നു രാവിലെ ബാൽക്കണിയുടെ താഴെ മരണത്തിന്റെ ശപിക്കപ്പെട്ടതലത്തിൽ വീണുകിടക്കുന്ന അയാളുടെ രൂപം അത് നിരവധി ചോദ്യങ്ങൾ നമ്മുടെ മുന്നിൽ ഉയർത്തുന്നു. ഈ തകർച്ചക്കുത്തരവാദി ആരാണ്? ജീവിതം അവനിൽനിന്നും പ്രതീക്ഷിച്ചതിന്റെ ഒരു കണികപോലും അയാൾക്കു തിരിച്ചു കൊടുക്കുവാൻ കഴിഞ്ഞുവോ?.

“ദഹനബലി”യെന്ന നോവൽ വായിച്ചു തീരുമ്പോൾ ഏതു വായനക്കാരെയും അലട്ടുന്ന ചില ചോദ്യങ്ങൾ അതിന്റെ നിരർത്ഥകതയുടെ ഏകാന്തതയിൽനിന്നും കടന്നുവരുന്നവയായിരിക്കും. ഇത് ശരിക്കും ജീവിത യാഥാർത്ഥ്യങ്ങളുടെ പ്രതീകാത്മകമായ ഒരു രചനയാണ്. അതിനുവേണ്ടി ലളിതമായ ഒരു റിയലിസ്റ്റിക്ക് തലമാണ് നോവലിസ്റ്റ് ഉപയോഗിച്ചിരിക്കുന്നത്. ഓരോതാളുകളിലും ജീവിതമുണ്ട്. ഒരുതരം ജീവിത സ്പർശിയായ കഥപറച്ചിലിന്റെ സാന്ത്വനവും നാമിവിടെ അനുഭവിക്കുന്നു. കലയിലൂടെ ഇത് നേടിയെടുക്കുവാൻ കഴിഞ്ഞതിലാണ് നോവലിസ്റ്റായ ഡോ.മരങ്ങോലിയുടെ ദൗത്യം വിജയിക്കുന്നത് ഫിക്ഷനിലൂടെയാണെങ്കിലും ഈ നോവൽ നമ്മെ പലതും പഠിപ്പിക്കുന്നു. ഒരു യഥാർത്ഥ എഴുത്തുകാരൻ ജീവിതത്തിന്റെ സ്വതന്ത്രനായ സേവകനായി രൂപാന്തരപ്പെടുന്നതും ഇങ്ങിനെയാണ്. അനുഭവങ്ങളാണ് ഇവിടെ നോവലിസ്റ്റിന്റെ ഗുരുവായി അദ്ദേഹം കാണുന്നത്. തുറന്നുകിടക്കുന്ന ജാലകത്തിലൂടെ കടന്നുചെന്നു കൊണ്ട് അദ്ദേഹം നമുക്കുവേണ്ടി കരുതിവച്ചിരിക്കുന്ന പുതിയ ഒരു ഭാവനാഗൃഹത്തെ അടുത്തറിയുവാൻ മാത്രം ശ്രമിക്കുക അവിടെ ജീവിതത്തെക്കുറിച്ച് പുതിയ കഥകൾ പറഞ്ഞുതരുവാൻ കഥാപാത്രങ്ങൾ കാത്തിരിക്കുന്നു.

**വൈക്കം മുരളി**

ദർശനം

മാവേലി നഗർ 5th X Rd

കൊച്ചി. 22

Ph: 2575009